**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7407** **17.7.2012-ൽ മറുപടിക്ക്**

**നഗരങ്ങളിൽ മാലിന്യം സംസ്ക്കരിക്കുന്നതിന്**
**മൊബൈൽ ഇൻസിനറേറ്ററുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, വി.പി. സജീന്ദ്രൻ<br>,, എം.എ. വാഹീദ്<br>,, ല ൂഡി ലൂയിസ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ മാലിന്യം സംസ്കരിക്കുന്നതിന് മൊബൈൽ ഇൻസിനറേറ്ററുകൾ ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ ; | എ) തിരുവനന്തപുരം നഗരഭസയിലെ ഖര മാലിന്യം സംസ്ക്കരിക്കുന്നതിലേക്കായി വിളപ്പിൽശാലയിൽ സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റ് തദ്ദേശ വാസികളുടെ എതിർപ്പു മൂലം പൂട്ടിക്കിടക്കുന്ന സാഹചര്യത്തിൽ നഗരത്തിലെ ഖരമാലിന്യം സംസ്ക്കരിക്കുന്നതിലേക്ക് ഒരു മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിലേക്കായി നോഡൽ ഏജൻസിയായി SIDCO യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി) എവിടെയെല്ലാമാണ് പ്രസ്തുത സംവിധാനം നടപ്പാക്കി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ഇപ്പോൾ Mobile Incinerator -കൾ കേരളത്തിൽ ഒരിടത്തും മാലിന്യ സംസ്ക്കരണത്തിനായി ഉപയോഗിക്കുന്നില്ല. |
| സി) എല്ലാ നഗരങ്ങളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | സി) തിരുവനന്തപുരം നഗരത്തിലെ ആവശ്യത്തിനു ശേഷം ഇൻസിനറേറ്ററിന്റെ കാര്യക്ഷമത വിലയിരുത്തി അത്യാവശ്യമുള്ള നഗരസഭകളിലേക്ക് കൊണ്ടുപോയി മാലിന്യ സംസ്ക്കരണം നടത്താൻ സാദ്ധ്യമാകുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ